# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:**4054** 27.06.2012 - ൽ മറുപടിക്ക്

## ജല അതോറിറ്റിക്ക് ലഭിക്കാനുള്ള കുടിശ്ശിക

**ചോദ്യം**

**ശ്രീമതി. പി. അയിഷാ പോറ്റി**

മറുപടി

ശ്രീ. പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) **ജല അതോറിറ്റിക്ക് സംസ്ഥാനത്ത് കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക എത്രയാണ് ;**

(എ) കേരള വാട്ടർ അതോറിറ്റിയുടെ 31.03.2012-ലെ കണക്കുകൾ പ്രകാരം വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്നും 343.82 കോടി രൂപ കുടിശ്ശിക ഉണ്ട്. ഇതിൽ നല്ലൊരു ഭാഗം കിട്ടാക്കടവും, പിഴയും, സർചാർജ്ജും ആണ്. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും 150 കോടി രൂപയും കുടിശ്ശികയായി ലഭിക്കാനുണ്ട്.

(ബി) **ഏറ്റവും കൂടുതൽ തുക കുടിശ്ശിക ആയി ലഭിക്കാനുള്ളത് ആരിൽ നിന്നാണെന്നും പ്രസ്തുത തുക എത്രയാണെന്നും വെളി-പ്പെടുത്തുമോ ;**

(ബി) അതോറിറ്റി കണക്കുകൾ സൂചിപ്പിക്കുന്നത് സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നാണ് ഏറ്റവും കൂടുതൽ തുക കുടിശ്ശികയായി ലഭിക്കാനുള്ളതെന്നാണ്. ഇതിൽ പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| K.H.R.W.S | - | 8,42,06,687/- |
| മെഡിക്കൽ കോളേജ്, കോഴിക്കോട് | - | 85,72,226/- |
| വിദ്യാഭ്യാസ വകുപ്പ് | - | 78,01,336/- |
| പൊതുമരാമത്ത് വകുപ്പ് | - | 15,05,180/- |
| ടൂറിസം വകുപ്പ് | - | 28,52,691/- |

(സി) **സംസ്ഥാനത്തെ വഴിയോര കുടിവെള്ള ടാപ്പുകൾ നിർത്തലാക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?**

(സി) വഴിയോര കുടിവെള്ള ടാപ്പുകൾ നിർത്തലാക്കുന്നതു സംബന്ധിച്ച് ഇതു വരെ ആലോചിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ